| 08-09-2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ, എന്തെങ്കിലും തെററ് സംഭവിക്കുകയാണെങ്കിൽ ബാബയിൽ നിന്നും ഒളിപ്പിക്കരുത്,അഥവാ ഒളിപ്പിക്കുകയാണെങ്കിൽ ഒളിപ്പിച്ച്- ഒളിപ്പിച്ച് നിങ്ങൾ നിങ്ങളെത്തന്നെ ഒളിപ്പിക്കും.**

**ചോദ്യം:-** വികലമായതിനെ നേരെയാക്കുന്നവനായ ബാബ നിങ്ങൾ കുട്ടികളുടെ വൈകല്യത്തെ എന്തിന്റെ ആധാരത്തിലാണ് ശരിയാക്കുന്നത്?

**ഉത്തരം:-** പവിത്രതയുടെ ആധാരത്തിൽ .നിങ്ങൾ കുട്ടികൾക്കറിയാം എപ്പോഴാണോ ബാബ വികലമായ തിനെ ശരിയാക്കുവാൻ വരുന്നത് അപ്പോൾ ഈ പവിത്രതയുടെ കാര്യത്തിൽ തന്നെയാണ് അനേകം പ്രശ്നങ്ങൾ ഉണ്ടാകുന്നത്. അബലകൾക്ക് അക്രമങ്ങൾ സഹിക്കേണ്ടി വരുന്നു.പവിത്രമാകാതെ ദേവതയാകുവാൻ സാധിക്കില്ല. ഭാരതത്തെ കക്കയിൽ നിന്നു വജ്രവും ദുഃഖധാമത്തിൽ നിന്നും സുഖധാമവും പഴയതിനെ പുതിയതും ആക്കുന്നതിനു വേണ്ടി തീർച്ചയായും പവിത്രമാകേണ്ടതുണ്ട്. നിങ്ങൾ കുട്ടികൾ ഈ കാര്യത്തിൽ ബാബയെ സഹായിക്കുന്നു, അതുകൊണ്ട് ബാബയോടൊപ്പമൊപ്പം നിങ്ങളുടെയും പൂജ നടക്കുന്നു.

**ഗീതം:-** ഭോലാനാഥനെ പോലെ അദ്വിതീയനായി മറ്റാരുമില്ല.....

**ഓം ശാന്തി**. കുട്ടികൾ ഗീതം കേട്ടോ?ഏത് കുട്ടികളാണ്? പ്രജാപിതാ ബ്രഹ്മാകുമാർ കുമാരിമാർ. ബാബ പറയുന്നു ഞാൻ ബി.കെ കളുടെ മുന്നിൽ തന്നെയാണ് ജ്ഞാനം കേൾപ്പിക്കുന്നത്.ഇവിടെ ശൂദ്ര കുമാരനോ രാവണ കുമാരനോ ഇരിക്കുവാൻ സാധിക്കില്ല എന്ന് കുട്ടികൾക്കറിയാം.പേര് തന്നെ ബ്രഹ്മാകുമാർ കുമാരിമാർ എന്നാണ്, അർത്ഥം പ്രജാപിതാ ബ്രഹ്മാവിന്റെ കുട്ടികൾ.നിങ്ങൾക്കറിയാം നമ്മുടെ ബ്രഹ്മാബാബയുടെ അച്ഛൻ ശിവനാണ്, നമ്മൾ ആത്മാക്കളുടെ അച്ഛനും ശിവനാണ്.ആ അച്ഛൻ തന്നെയാണ് വികലമായ തിനെ നേരെയാക്കുന്നത്.ഭാരതത്തിന്റെ ഭാഗ്യമാണുണ്ടാക്കുന്നത്. ബാബ പറയുന്നു, ഭാരതം വജ്രം പോലെയായിരുന്നു, സുഖധാമമായിരുന്നു. പുതിയ ലോകത്തിൽ പുതിയ ഭാരതം, പുതിയ ദേവീ ദേവതകളുടെ രാജ്യമായിരുന്നു.ഇപ്പോൾ ഭാരതത്തിൽ അസുരന്മാരുടെ രാജ്യമാണ്. വികലമായതിനെ ശരിയാക്കുന്നവൻ അഥവാ പരിവർത്തപ്പെടുത്തുന്നവൻ ആരാണ്? ഇത് നിങ്ങൾ ബ്രാഹ്മണർക്ക് അല്ലാതെ മറ്റാർക്കും മനസ്സിലാക്കുവാൻ സാധിക്കില്ല. ഭാരതം വളരെ ഉയർന്നതായിരുന്നു,ഇപ്പോൾ അധഃപതിച്ചുപോയിരിക്കുന്നു. മറ്റൊരു ധർമ്മത്തെയും കുറിച്ച് അത് വളരെ ഉയർന്ന ധർമ്മമായിരുന്നു, ഇപ്പോൾ അധഃപതിച്ചു എന്ന് പറയില്ല.ആരാണോ രാജ്യം നഷ്ടപ്പെടുത്തിയത് അവർ തന്നെയാണ് വീണ്ടും രാജ്യം ഭരിക്കുന്നത്.അതുകൊണ്ടാണ് വീണ്ടും വികലമായതിനെ നേരെയാക്കുന്നവൻ എന്ന് പറയുന്നത്. സത്യയുഗത്തിന് ശേഷം തീർച്ചയായും ത്രേതായുഗം ദ്വാപരയുഗം കലിയുഗം വരിക തന്നെ വേണം. സർവ്വരുടേയും അധഃപതനം സംഭവിക്കുക തന്നെ വേണം. തീർച്ചയായും സതോ രജോ തമോയി വരിക തന്നെ വേണം. ഇപ്പോൾ സർവ്വരും മോശമായിത്തീർന്നിരിക്കുന്നു. സർവ്വ ധർമ്മങ്ങളും തമ്മിൽ പരസ്പരം വളരെയധികം പ്രശ്നങ്ങളാണ്. ചൈനക്കാർ തമ്മിലും, ബൗദ്ധികൾ തമ്മിലും,സർവ്വരും പരസ്പരം എത്രമാത്രം വഴക്കടിച്ച് കൊണ്ടിരിക്കുന്നു.ഈ അനേക ധർമ്മങ്ങൾ എല്ലാം തന്നെ അധ:പതിച്ചിരിക്കുന്നു. സർവ്വരും തമോപ്രധാന ജീർണിച്ച അവസ്ഥയിലാണ്. സർവ്വർക്കും സതോപ്രധാനത്തിൽ നിന്നും തമോപ്രധാനമാവുക തന്നെ വേണം.രാവണൻ തമോപ്രധാനമാക്കുന്നു പിന്നെ രാമൻ വന്ന് രാവണൻ മോശമാക്കിയതിനെ നല്ലതാക്കി മാറ്റുന്നു.

രാമൻ എന്ന് ആരെയാണ് പറയുന്നത് എന്ന് നിങ്ങൾക്കറിയാം. രാമ രാമ എന്ന് പറഞ്ഞ് മാല തിരിക്കുന്നു അപ്പോഴും പരമാത്മാവിനെ തന്നെയാണ് ഓർമ്മിക്കുന്നത്. പേര് തന്നെ രുദ്ര മാല എന്നാണ്. രുദ്ര ശിവന്റെ കഴുത്തിലെ മാല. തീർച്ചയായും സർവ്വ ധർമ്മത്തിലുള്ളവരും ഓർമ്മിക്കുന്നു. സർവ്വ ധർമ്മത്തിലുള്ളവരുടെയും സത്ഗതി ദാതാവ് ശിവനാണ്.തീർച്ചയായും കൂടെ സഹായികളും ഉണ്ടാകും. രുദ്രന്റെ മാല വളരെയധികം സേവനം ചെയ്യുന്നു.നിങ്ങൾ കുട്ടികൾക്ക് വളരെയധികം സേവനം ചെയ്യണം.സേവനം ചെയ്യുന്നത് കൊണ്ടാണ് നിങ്ങൾ പൂജിക്കപ്പെടുന്നത്. രുദ്ര യജ്ഞവും രചിക്കുന്നുണ്ട്, ഭാരതത്തിൽ മാത്രമല്ല മറിച്ച് മുഴുവൻ ലോകത്തിലുമാണ് കാരണം നിങ്ങൾ മുഴുവൻ ലോകത്തെയും പാവനമാക്കുകയാണ്. സർവ്വശക്തിവാനായ ബാബയിൽ നിന്നും ശക്തി എടുത്ത് നിങ്ങൾ സ്വർഗ്ഗം നിർമ്മിക്കുന്നു, അതുകൊണ്ട് തീർച്ചയായും നിങ്ങൾ കുട്ടികളെ മുഴുവൻ ലോകത്തിനും പൂജിക്കേണ്ടതുണ്ട്. ബാബയാണ് രുദ്രൻ. കളിമണ്ണ് കൊണ്ട് ബാബയുടെ വളരെ വലിയ ശിവലിംഗം ഉണ്ടാക്കുന്നു പിന്നെ ചെറിയ

ചെറിയ സാളിഗ്രാമങ്ങളും ഉണ്ടാക്കുന്നു. പേര് രുദ്ര യജ്ഞം എന്നാണ്. നിങ്ങളെ പൂജിക്കുന്ന കാരണം നിങ്ങൾ സേവനം ചെയ്തിരുന്നു. രുദ്ര യജ്ഞം രചിക്കുന്നു,വളരെയധികം പൂജയും ചെയ്യുന്നു.ലക്ഷക്കണക്കിന് സാളിഗ്രാമങ്ങൾ ഉണ്ടാക്കുന്നു.ആദ്യം 8 ന്റെ മാല, പിന്നെ 108 ന്റെ മാല, പിന്നെ 16108 ന്റെ മാല. അവർ സഹായിച്ചിരുന്നു,ആരാണോ വളരെയധികം സഹായിക്കുന്നത് അവർ സമീപമുള്ളവരായിരിക്കും.

ഇപ്പോൾ നിങ്ങൾ പുരുഷാർത്ഥം ചെയ്യുന്നത് രുദ്രമാലയിൽ വളരെ അടുത്തായി കോർക്കപ്പെടുന്നതിനു വേണ്ടിയാണ്. കേവലം ബാബയെ ഓർമ്മിക്കണം. വളരെ സഹജമാണ്. കുട്ടികൾക്ക് ബാബയെ ഓർമ്മിക്കുക വളരെ സഹജമാണ്,ജനിക്കുമ്പോഴെ തന്നെ അച്ഛൻ-അമ്മ എന്ന് പറയാൻ പഠിക്കുന്നു.നിങ്ങളും ബാബയുടേയും മമ്മയുടേയും കുട്ടികളായിരിക്കുകയാണ്. അങ്ങ് അമ്മയും അച്ഛനുമാണ് എന്ന് പറയുന്നുമുണ്ട്. നമ്മൾ അമ്മയുടേയും അച്ഛന്റെയും സന്മുഖത്തിരിക്കുകയാണ് എന്ന് ഇപ്പോൾ നിങ്ങൾക്കറിയാം. ആ അമ്മയും അച്ഛനും നമുക്ക് രാജ്യപദവി പ്രാപ്തമാക്കുവാൻ വേണ്ടി ശിക്ഷണങ്ങൾ നല്കുന്നു. രാജാവാക്കുവാൻ വേണ്ടി രാജാവ് തന്നെയാണ് ശിക്ഷണം നല്കേണ്ടത്. വക്കീലാകുവാൻ വേണ്ടിയുള്ള ശിക്ഷണം വക്കീലാണ് നല്കുന്നത് എന്നതുപോലെ. എന്നാൽ ഇവിടത്തെ കാര്യം വളരെ അതിശയകരമായതാണ്. പരംപിതാ പരമാത്മാവ് തന്നെയാണ് ജ്ഞാനത്തിന്റെ സാഗരം.വേൾഡ് ആൾമൈററി അഥോറിറ്റിയാണ്. സർവ്വ വേദങ്ങളും ഗ്രന്ഥങ്ങളും ശാസ്ത്രങ്ങളും ബാബ അറിയുന്നുണ്ട്. ബാബ നിരാകാരനാണ്, നോളജ്ഫുള്ളാണ്, ബ്ലിസ്സ്ഫുള്ളാണ്, ദയാഹൃദയനാണ്. സർവ്വരോടും ദയ കാണിക്കുന്നു.മുഴുവൻ വിശ്വത്തിലും ദയ കാണിക്കുന്നു കാരണം സൃഷ്ടി മുഴുവൻ തമോപ്രധാന മായിരിക്കുകയാണ്. 5 തത്വങ്ങളും തമോപ്രധാനമാണ്. അവയോടും ദയ കാണിക്കുന്നു, അതും സതോപ്രധാനമായിത്തീരും അതുകൊണ്ട് പരിധിയില്ലാത്ത സർവ്വോദയൻ എന്ന് വിളിക്കുന്നു. ഇതും ഡ്രാമയി അടങ്ങിയിട്ടുള്ളതാണ്. ആത്മാവ് പവിത്രമാകുന്നതിലൂടെ ഓരോ വസ്തുവും പവിത്രമായി മാറുന്നു. ഇപ്പോൾ ഈ തത്വങ്ങളെല്ലാം തന്നെ എത്രമാത്രം നഷ്ടമുണ്ടാക്കുന്നു. അവിടെ തത്വവും സതോപ്രധാനമായിരിക്കും. ഒരിക്കലും ആരും വൃദ്ധരാകുന്നില്ല. അപ്പോൾ മോശമായതിനെ ശരിയാക്കുന്നവൻ ബാബയാണ്. ബാബയെ തന്നെയാണ് വേൾഡ് ആൾമൈറ്റി അഥോറിറ്റി എന്ന് പറയുന്നത്. ബാബ തന്നെയാണ് വേൾഡ് ആൾമൈറ്റി അഥോറിറ്റി രാജ്യം സ്ഥാപിക്കുന്നത്. സ്വയം നിരാകാരനാണ്, ബാബയെ മഹാരാജനെന്നോ വിശ്വത്തിന്റെ അധികാരിയെന്നോ വിശ്വത്തിൽ രാജ്യം ഭരിക്കുന്നവൻ എന്നോ പറയില്ല. ബാബ ചെയ്യുന്നവനും ചെയ്യിപ്പിക്കുന്നവനുമാണ്. ദേവീ ദേവതകളുടെ രാജധാനി സ്ഥാപിക്കുന്നു. സ്വയം രാജ്യം ഭരിക്കുന്നില്ല.

നിങ്ങൾ കുട്ടികൾ പറയുന്നു നമ്മൾ വേൾഡ് ആൾമൈററി അതോറിററി വിശ്വത്തിന്റെ അധികാരിയാകുന്നു. പിന്നീട് നിങ്ങളുടെ മേൽ ആർക്കും അധികാരം ഉണ്ടായിരിക്കില്ല. ആരും ആജ്ഞാപിക്കില്ല. സത്യ-ത്രേതായുഗത്തിൽ വേറെയാരും ഇല്ല. അതിനാൽ നിങ്ങൾ തെളിയിച്ച് മനസ്സിലാക്കിച്ചു കൊടുക്കണം സർവ്വ ശാസ്ത്രങ്ങളുടേയും ശിരോമണി ഗീതയാണ്. ഭഗവാൻ രാജയോഗം പഠിപ്പിച്ചു. നിങ്ങൾ കുട്ടികൾ അറിയുന്നുണ്ട് നമ്മൾ മനുഷ്യനിൽ നിന്നും ദേവതയാകുന്നു. മനുഷ്യർ അധപതിച്ചുപോയി, അപ്പോൾ ബാബ വന്ന് ദേവതയാക്കുന്നു. പവിത്രതയിലാണ് മുഴുവൻ ആധാരവും. കുട്ടികൾ എഴുതുന്നു-ബാബാ, പവിത്രമാകുന്നതിന് വളരെ അക്രമം സഹിക്കേണ്ടി വരുന്നു. കുട്ടികൾക്ക് മനസ്സിലാക്കി തരികയാണ്, വളരെ യുക്തിയോടെ നടക്കണം. ഇതിൽ വളരെ സമർത്ഥരാകണം. ഒരു നാടകം കാണിക്കുന്നു, അതിൽ സ്ത്രീ സ്വയത്തെ സംരക്ഷിക്കുന്നതിനു വേണ്ടി എത്ര യുക്തികൾ ചെയ്യുന്നു. ബാബ പറയുന്നു – കുട്ടികളേ ഇതിൽ നഷ്ടോ മോഹയാകണം. ഒരുപാട് പേർക്ക് പതിയിൽ, കുട്ടികളിൽ മോഹത്തിന്റെ ചരടുണ്ട്. കുമാരിയാണെങ്കിൽ കേവലം അമ്മ, അച്ഛൻ, പിന്നീട് സഹോദരി, സഹോദരനിൽ മോഹം ഉണ്ടാകുന്നു, പിന്നീട് വിവാഹം കഴിയുമ്പോൾ ബന്ധങ്ങൾ വീണ്ടും വർദ്ധിക്കുന്നു. പതി, അമ്മാവൻ, പിന്നെ കുട്ടികൾ ജനിച്ചു എങ്കിൽ അവരിലും എത്ര മോഹം ബന്ധിക്കുന്നു. ഡബിൾ വർദ്ധനവ് ഉണ്ടാകുന്നു. അതിനാൽ ആദ്യമേ നഷ്ടോമോഹയാകണം, പിന്നീട് പരീക്ഷയും വരും. രാജാക്കന്മാർ കൊട്ടാരം ഉപേക്ഷിച്ച് ഗുരുവിന്റെ അടുത്ത് ആദ്യം പോകുമ്പോൾ രാജാവിന്റെ ദേഹാഭിമാനം ഇല്ലാതാക്കുന്നതിനു വേണ്ടി അവരെകൊണ്ട് ഗുരു വിറക് മുറിപ്പിക്കുന്നു, ആശ്രമം വൃത്തിയാക്കിക്കുന്നു. ഇവിടേയും അങ്ങനെ നിയമം ഉണ്ട്. പാവപ്പെട്ടവർ എല്ലാ കാര്യങ്ങളും ചെയ്യുന്നു. ഉയർന്ന കുടുംബത്തിലുള്ളവർക്ക് വളരെ ദേഹാഭിമാനം ഉള്ളതിനാൽ അവരുടേയും പരീക്ഷ നടത്തിയിരുന്നു. ആരംഭത്തിൽ ബാബയ്ക്കും പരീക്ഷ ഉണ്ടായിരുന്നല്ലോ. ദേഹാഭിമാനം ഉപേക്ഷിക്കുന്നതിനു വേണ്ടി വാഹനം കഴുകുക, അലക്കുക എല്ലാം നിങ്ങൾ ചെയ്തു. ആര് വന്നാലും പറയൂ-ആദ്യം ഈ കർമ്മം ചെയ്യണം. ഉയർന്ന കുടുംബത്തിലുള്ളവർ വരുന്നതും ബുദ്ധിമുട്ടിയാണ്. പാവപ്പെട്ടവർക്ക് മർദ്ദനം ഏൽക്കുന്നതിന്റെ കഷ്ടതയാണ് ഉള്ളത്. പവിത്രമായി ഇരിക്കുവാനേ അനുവദിക്കില്ല.അവരോടൊപ്പം പിന്നീട് വളരെ യുക്തിയോടെ നടക്കണം ,പക്ഷേ പൂർണ്ണമായും

നഷ്ടോമോഹ തീർച്ചയായും ആകണം. പകുതി നഷ്ടോമോഹയാകുന്നു എങ്കിൽ ഒരു കാൽ ആ ഭാഗത്ത്, മറു കാൽ ഈ ഭാഗത്ത്, കുടുങ്ങിപോകും. അങ്ങനെ കുടുങ്ങുന്നവർ വളരെ ദു:ഖിക്കുന്നു. ബാബയെ മറക്കുന്നതിലൂടെ മോശമാകുന്നു.
നിരന്തരം ഓർമ്മിക്കുന്നതിന് കുട്ടികൾക്ക് ബാബ എത്ര യുക്തികൾ പറഞ്ഞു തരുന്നു. ഓർമ്മയിലൂടെ വികർമ്മാജീത്താകും. കല്പ-കല്പം ശ്രീമത് നൽകുന്നു. തീർച്ചയായും രാജധാനി സ്ഥാപിക്കും. ആരാണോ കല്പം മുൻപ് പുരുഷാർത്ഥം ചെയ്തത് അവർക്ക് ഒളിച്ചിരിക്കുവാൻ കഴിയില്ല. പെട്ടെന്ന് അറിയുവാൻ കഴിയും. ദാസ-ദാസിയും വേണമല്ലോ. ഇവിടെ ഇരിക്കുകയാണെങ്കിൽ രാജധാനിയിൽ വരും എന്തുകൊണ്ടെന്നാൽ കുട്ടിയായിരിക്കുകയാണല്ലോ. ദാസ -ദാസിയായി പിന്നീട് കുറച്ച് പദവി നേടുന്നു. ഇല്ലായെങ്കിൽ ദാസ-ദാസികൾ എവിടെ നിന്ന് വരും. പ്രജകൾക്ക് ഉള്ളിൽ വരുവാനുള്ള അനുവാദം ഇല്ല. ദാസ-ദാസി യാണെങ്കിൽ അകത്ത് വസിക്കുന്നു. ഒരുപാട് പേർ പറയുന്നു-നമ്മൾക്ക് കൃഷ്ണന്റെ ദാസ-ദാസിയാകുന്നതും നല്ലതാണ്. അമ്മയേക്കാളും കൃഷ്ണനെ മടിയിലിരുത്തുവാൻ കഴിയും. ഇന്നത്തെ കാലത്ത് കുട്ടികളെ ആയയാണ് സംരക്ഷിക്കുന്നത്. അവിടെ കൃഷ്ണനെ സംരക്ഷിക്കുന്നതിൽ വളരെ സന്തോഷം ഉണ്ടായിരിക്കും. കൃഷ്ണജന്മാഷ്ടമിയുടെ ദിനത്തിൽ എല്ലാ അമ്മമാരും കൃഷ്ണനെ തൊട്ടിലിൽ ആട്ടുന്നു. അവിടേയും ദാസികൾ സംരക്ഷിക്കുന്നു.

ബാപ്ദാദയ്ക്കും വളരെ നല്ല കുട്ടികളെ വേണം. ബാബയും പറയുന്നു-രാജധാനി സ്ഥാപിക്കുന്നതിൽ എത്ര പരിശ്രമിക്കേണ്ടി വരുന്നു. വിവിധ വൃക്ഷങ്ങളുടെ തൈകളാണിവിടെ, സംരക്ഷിക്കുന്നവർ പോലും കഷ്ടപ്പെടുന്നു. പോക-പോകെ ചിലരിൽ ഗ്രഹപിഴ ഉണ്ടാകുന്നു. ആ കാര്യം പറയുകയേ വേണ്ട. ഇത് ശർക്കരയും അറിയുന്നു, ശർക്കരക്കുടവും അറിയുന്നു, അർത്ഥം ബാപ്ദാദ അറിയുന്നു. ബാബ ശർക്കരയാണ്,അപ്പോൾ മധുരമല്ലേ. ശർക്കരക്കുടം, ആരിലാണോ ശിവബാബ വരുന്നത്, അദ്ദേഹം അറി യുന്നു, ബാബയും അറിയുന്നു. മായാരാവണൻ അറിയുവാൻ കഴിയാത്ത രീതിയിൽ പ്രഹരിക്കുന്നു. അവജ്ഞയുണ്ടാകുന്നു എങ്കിൽ മാപ്പ് ചോദിക്കൂ, ഇല്ലായെങ്കിൽ കർമ്മഭോഗം വളരെയാകും. മനസ്സിലാക്കി കൊടുത്താലും മനസ്സിലാക്കില്ല. അങ്ങനെ മായയുടെ ഗ്രഹപിഴ ഉണ്ടാകും. ബ്രഹ്മാബാബയും സ്വയം പറഞ്ഞുതരുന്നു, ചിലപ്പോൾ നല്ലരീതിയിൽ യോഗം ചെയ്യുവാൻ കഴിയുന്നു, ചിലപ്പോൾ മായയുടെ കൊടുങ്കാറ്റ് അത്രമാത്രം ഉണ്ടാകുന്നു, അത് പറയുകയേ വേണ്ട. ബാബയും പറയുന്നു ആദ്യം നിങ്ങൾ അനുഭവം ചെയ്യൂ, അപ്പോഴാണല്ലോ നിങ്ങൾക്ക് മററുള്ളവർക്ക് മനസ്സിലാക്കി കൊടുക്കുവാൻ കഴിയുന്നത്. അതിനാൽ കൊടുങ്കാററ് എല്ലാം ആദ്യം ബാബ (ബ്രഹ്മാവ്)യുടെ മുന്നിൽ വരുന്നു. ബാബ പറയുന്നു ഒരിക്കലും സ്വയത്തെ മിഥ്യാജ്ഞാനി എന്ന് മനസ്സിലാക്കി ഇരിക്കരുത്.ശുദ്ധമായ ഹൃദയമാണെങ്കിൽ ഉയർന്ന പദവി പ്രാപ്തമാകും. അകവും, പുറവും ഹൃദയം ശുദ്ധമായിരിക്കണം അപ്പോൾ സത്യമായ ഹൃദയത്തിൽ പ്രഭു സന്തുഷ്ടനായിരിക്കും.നിങ്ങൾ കുട്ടികൾ അറിയുന്നു നമ്മുടെ മോശമായതിനെ ബാബ നന്നാക്കികൊണ്ടിരിക്കുന്നു. നമ്മൾ പൂർണ്ണമായും കുരങ്ങിനെ പോലെയായിരുന്നു. ബാബ ക്ഷേത്രത്തിൽ ഇരിക്കുവാൻ യോഗ്യതയുള്ളവരാക്കുന്നു. വിശ്വത്തിന്റെ അധികാരിയായിരുന്നു നമ്മൾ, പിന്നീട് ക്ഷേത്രത്തിൽ ഇരിക്കുവാൻ ഒരു മുറി ലഭിക്കുന്നു. സത്യയുഗത്തെ ശിവാലയമെന്നു പറയുന്നു. മുഴുവൻ വിശ്വത്തിന്റേയും അധികാരിയായി രാജ്യം ഭരിച്ചു, പിന്നീട് നമുക്ക് വേണ്ടി ക്ഷേത്രം ഉണ്ടാക്കി അതിൽ നമ്മളെ പൂജിക്കുന്നു. പൂജ ചെയ്യുന്നവരും ആദ്യം നമ്മൾ തന്നെയായിരുന്നു. നമ്മൾ തന്നെ പൂജ്യർ, നമ്മൾ തന്നെ പൂജാരിയായി, വീണ്ടും നമ്മൾ പൂജ്യരാകുന്നു. മനസ്സിലാക്കി കൊടുക്കുമ്പോൾ വളരെ നല്ലതായി തോന്നുന്നു. മായ നല്ല-നല്ല കുട്ടികളുടെ പോലും ബുദ്ധി മോശമാക്കുന്നു. ദേഹ-അഭിമാനം വളരെ നഷ്ടമുണ്ടാക്കുന്നു, പിന്നീട് പാപവും ഉണ്ടാകുന്നു. ശിവബാബയോട് ആരും അവജ്ഞ ചെയ്യരുത്, ബാബയിൽ നിന്ന് ഒന്നും ഒളിച്ചു വെയ്ക്കരുത്. ധർമ്മരാജനും ഉണ്ട്, കടുത്ത ശിക്ഷ ലഭിക്കുന്നു. അതിന്റെ ഭയം ഉണ്ടായിരിക്കണം.അവജ്ഞ ഉണ്ടാകുന്നുവെങ്കിൽ ക്ഷമ ചോദിക്കണം - ബാബാ, ഇന്ന് ഞാൻ ഈ തെററ് ചെയ്തു. ബ്രഹ്മാവ് മുഖേന ശിവബാബക്ക്. ബ്രഹ്മാവ് ആദ്യം വായിക്കുമെന്നുള്ള ഭയം ഉണ്ടാകുന്നു. അത് ബാബയല്ലേ, ജ്ഞാനവും നൽകുന്നു. മമ്മയും ജ്ഞാനം നൽകുന്നു. നിങ്ങളോടും ആരെങ്കിലും പറയുന്നുവെങ്കിൽ നിങ്ങളും ആ വാർത്ത ബാബയ്ക്ക് നൽകുന്നു. മമ്മാ-ബാബയ്ക്കും അറിയുവാൻ കഴിയുന്നു. വളരെ മനസ്സിലാക്കി തരുന്നു. കാട്ടാനയാകരുത്. ആനയ്ക്ക് വളരെ ദേഹാഭിമാനം ഉണ്ട്. ദേഹാഭിമാനം വളരെ നഷ്ടം ഉണ്ടാക്കും, അരകല്പം പോയില്ലേ. അവിടെ മനസ്സിലാക്കുന്നു നമ്മൾ ആത്മാവാണ്, ഈ പഴയ ശരീരം ഉപേക്ഷിച്ച് പുതിയത് എടുക്കണം. അവിടെ ആത്മാഭിമാനിയെന്ന് പറയും. ഇവിടെ എല്ലാവരും ദേഹാഭിമാനത്തിലാണ്. അതിനാൽ കുട്ടികൾക്ക് ശ്രീമതം എടുത്തുകൊണ്ടിരിക്കണം. തെററ് ഒളിച്ച് വയ്ക്കരുത്. ഒളിച്ച്-ഒളിച്ച് സ്വയം മറഞ്ഞുപോകുന്നു. യോഗം മുറിയുന്നു. മോശമായവരെ നന്നാക്കുന്നതിന്റെ അധികാരം ഒരേയൊരു ബാബയ്ക്കാണ്. ഇപ്പോൾ നിങ്ങൾ ആ ബാബയുടെ കുട്ടിയായിരിക്കുന്നു. ശരി.

അതിമധുരമായ, വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ ജ്ഞാനനക്ഷത്രങ്ങൾക്ക് മാതാ-പിതാ ബാപ്ദാദയുടെ നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച് സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യ സാരം:-**

1) അകവും-പുറവും ഹൃദയത്തിന്റെ ശുദ്ധതയിലൂടെ സാഹേബായ ബാബയെ സന്തുഷ്ടമാകണം. മായയുടെ ഗ്രഹണത്തിൽ നിന്നും രക്ഷ നേടുന്നതിനു വേണ്ടി ബാബയെ സത്യതയോടെ എല്ലാം കേൾപ്പിക്കണം.

2)പൂർണ്ണമായും നഷ്ടോമോഹയാകണം. ഒരു ദേഹധാരിയിലും അല്പംപോലും ആകർഷണം വെക്കരുത്. ദേഹാഭിമാനം ഉപേക്ഷിക്കുന്നതിനുള്ള പരിപൂർണ്ണ പുരുഷാർത്ഥം ചെയ്യണം.

## വരദാനം:- സ്നേഹത്തിന്റെ അദ്ഭുതത്തിലൂടെ നിർബന്ധനനെയും ബന്ധനത്തിൽ ബന്ധിക്കുന്ന ശ്രേഷ്ഠ മായാജാലാക്കാരനായി ഭവിക്കൂ

ബാബയെക്കാളും വലിയ മാന്ത്രികർ താങ്കൾ കുട്ടികളാണ്. ഇങ്ങനെയുള്ള സ്നേഹത്തിന്റെ ഇന്ദ്രജാലം താങ്കളുടെ പക്കലുണ്ട് അതിലൂടെ നിർബന്ധനനെ പോലും ബന്ധനത്തിൽ ബന്ധിക്കുന്നു. ബാബയ്ക്കും കുട്ടികളെ കൂടാതെ നന്നായി തോന്നുന്നില്ല. നിരന്തരം കുട്ടികളെ തന്നെയാണ് ഓർമ്മിക്കുന്നത്. എത്ര തവണയാണ് ബാബയെ ഭോജനത്തിനായി വിളിക്കുന്നത്, കഴിക്കുന്നു, നടക്കുന്നു, ഉറങ്ങുന്നു അപ്പോഴും ബാബ കൂടെയുണ്ട്. എന്തെങ്കിലും കർമ്മം ചെയ്യുമ്പോൾ പറയുന്നു കാര്യം അങ്ങയുടേതാണ്, ചെയ്യിപ്പിക്കൂ അങ്ങ് നിമിത്തം ഞങ്ങൾ കൈ ചലിപ്പിക്കുന്നു. പിന്നീട് കർമ്മത്തിന്റെ ഭാരവും ബാബയ്ക്ക് നൽകുന്നു അപ്പോൾ ശ്രേഷ്ഠ മായാജാലക്കാരായില്ലേ.

## സ്ലോഗൻ:- തന്റെ സ്വ സ്ഥിതിയുടെ ശക്തിയിലൂടെ പരിസ്ഥിതിയെ പരിവർത്തനം ചെയ്യുന്നവർ ഒരിക്കലും പരവശരാകില്ല.